**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3601

10/04/2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## തിരൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

ചോദ്യം
ശ്രീ. സി. മമ്മുട്ടി

മറുപടി
**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) തിരൂർ നിയോജക മണ്ഡലത്തിൽ 2013-14 വർഷംകൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

2013-14 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് താഴെ പറയുന്ന പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

1. ഗ്രൂപ്പ് ഫാമിംഗ് കൃഷി രീതിയ്ക്കുള്ള ധനസഹായം.
2. കര നെൽകൃഷി പ്രോത്സാഹനം.
3. തരിശ് രഹിത പഞ്ചായത്തുകൾ.
4. ഗ്രൂപ്പ് ഫാമിംഗിനായി പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം.
5. നെൽകൃഷി സൗജന്യ വൈദ്യുതി.
6. ഉല്പാദന ബോണസ്സ്.
7. ആർ.കെ.വി.വൈ പദ്ധതി.
8. പച്ചക്കറി വികസന പദ്ധതികൾ.
9. നാളികേര വികസന പദ്ധതികൾ.
10. കാർഷിക ഉൽപ്പന്ന സംഭരണം.
11. വിള ആരോഗ്യ പരിപാലന സംവിധാനം.
12. അഗ്രോ സർവ്വീസ് സെന്ററുകളുടെ വ്യാപനം.
13. വിള ഇൻഷ്വറൻസ് പദ്ധതി.

ഈ പദ്ധതികളിൽ ഒട്ടു മിക്കവയും തിരൂർ മണ്ഡലത്തിലും നടപ്പിലാക്കുന്നതാണ്.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2013-14 സാമ്പത്തിക വർഷം തിരൂർ നിയോജക മണ്ഡലത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വാഴ, ടിഷ്യൂക്കൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, ജാതി, കുരുമുളക് എന്നിവയുടെ വിളവിസ്തൃതി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, കൂൺകൃഷി, കാർഷിക യന്ത്രവത്ക്കരണം, സംയോജിത രോഗകീട നിയന്ത്രണം എന്നി പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഹൈടെക് പോളീഹൗസുകളുടെ നിർമ്മാണവും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ബി) 2011-12, 2012-13 വർഷങ്ങളിൽ തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

2011-12, 2012-13 വർഷങ്ങളിൽ തിരൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | നെൽകൃഷി, ഗ്രൂപ്പ് ഫാമിംഗ് | 8.85 ലക്ഷം |
| 2. | പച്ചക്കറി വികസന പദ്ധതി | 13.28 ലക്ഷം |
| 3. | ആർ.കെ.വി.വൈ പദ്ധതിയിൽ നെൽ കൃഷി വികസനം | 13.5 ലക്ഷം |
| 4. | തരിശ്ശ് നിലങ്ങളിൽ കോൺട്രാക്ട് ഫാമിംഗ് നെൽകൃഷി | 2.7 ലക്ഷം |
| 5. | തരിശ് നിലങ്ങളിൽ കോൺട്രാക്ട് ഫാമിംഗ് പച്ചക്കറി,വാഴ | 4.00 ലക്ഷം |
| 6. | തെങ്ങ് കൃഷി വികസന പദ്ധതി (ആർ.കെ.വി.വൈ) | 8.75 ലക്ഷം |
| 7. | ഐ.പി.എം ട്രെയിനിംഗ് | 0.25 ലക്ഷം |
| 8. | തെങ്ങ് കൃഷിയിൽ കേരശ്രീ പദ്ധതി | 6.3 ലക്ഷം |
| 9. | കുരുമുളക് വികസന പദ്ധതി | 4.5 ലക്ഷം |
| 10 | മഞ്ഞൾ കൃഷി വികസന പദ്ധതി | 0.50 ലക്ഷം |
| 11. | മൈക്രോ ഇറിഗേഷൻ | 0.15 ലക്ഷം |
| 12 | ബയോഗ്യാസ് ഡവലപ്പ്മെന്റ് | 1.52 ലക്ഷം |
| 13 | എം.എം.എ നെൽ കൃഷി വികസന പദ്ധതി | 2.69 ലക്ഷം |

| | | |
|---|---|---|
| 14. | ചെറുകിട യന്ത്രവൽക്കരണം | 0.76 ലക്ഷം |
| 15. | വൈദ്യുത സബ്സിഡി | 44.9 ലക്ഷം |
| 16. | നെൽ കൃഷി ഉല്പാദനബോണസ് | 6.07 ലക്ഷം |
| 17. | കർഷക പെൻഷൻ | 50.54ലക്ഷം |
| 18. | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | 7.56 ലക്ഷം |
| <u>എസ്.എച്ച്.എം പദ്ധതി</u><br><br>വാഴ കൃഷി വികസനം, ടിഷ്യു കൾച്ചർ വാഴകൃഷി വികസനം, കൂൺകൃഷി, ഇഞ്ചി കൃഷി വ്യാപനം, ജാതികൃഷി വ്യാപനം, കുരുമുളക് കൃഷി പുനരുദ്ധാരണം, യന്ത്രവത്കരണം, ഹൈടെക് പോളിഹൗസ് | | 12.00ലക്ഷം |

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2011-12, 2012-13 വർഷങ്ങളിൽ തിരൂ നിയോജക മണ്ഡലത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം വാഴ, ടിഷ്യുക്കൾച്ചർ വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയുടെ വിളവിസ്തൃതി വ്യാപനം കുരുമുളക്, അടയ്ക്ക എന്നിവയുടെ പുനരുദ്ധാരണം, സൂക്ഷ്മ കൃഷി, കാർഷിക യന്ത്രവത്ക്കരണം, സംയോജിത രോഗകീട നിയന്ത്രണം, 50 ശതമാനം സബ്സിഡിയോടു കൂടിയുള്ള ഹൈടെക് പോളിഹൗസുകളുടെ സ്ഥാപനം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി.